# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2100 07.07.2015-ൽ മറുപടിയ്ക്ക്**

**ബഡ്ജറ്റിൽ തുക വകയിരുത്തിയ പദ്ധതികൾ**

**ചോദ്യം** | **ഉത്തരം**

ശ്രീമതി.പി.അയിഷാ പോറ്റി
ഡോ. കെ.ടി.ജലീൽ
ശ്രീ.റ്റി.വി.രാജേഷ്
ശ്രീ.എ.എം. ആരിഫ്

ശ്രീ.കെ.എം.മാണി
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | ബജറ്റിൽ തുക വകയിരുത്തിയ പദ്ധതികൾ നടപ്പാക്കാത്തതിന് അതത് വകുപ്പുകളുടെ വീഴ്ച കാരണമാകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ; | ബജറ്റിൽ തുക വകയിരുത്തിയതും പ്രഖ്യാപിച്ചതുമായ പദ്ധതികൾ നടപ്പാക്കാത്തതിന് വകുപ്പുകളുടെ വീഴ്ച കാരണമാകുന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ബി) | 2014-15 ലെ ബജറ്റിൽ പ്രഖ്യാപിച്ചതും തുക വകയിരുത്തിയതുമായ പദ്ധതികളിൽ ഏതൊക്കെ പ്രാബല്യത്തിൽ വരുത്തുന്നതിന് അതത് വകുപ്പുകളുടെ വീഴ്ച തടസ്സമായി എന്ന് വ്യക്തമാക്കാമോ; | |
| സി) | ബജറ്റിൽ തുക വകയിരുത്തിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് അതത് വകുപ്പുകൾ നടപടി സ്വീകരിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള നിലവിലെ സംവിധാനങ്ങൾ എന്തൊക്കെയാണ്; പദ്ധതി തുക യഥാസമയം അനുവദിക്കുന്നതിൽ ധനകാര്യ വകുപ്പിന് വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ ? | ഭരണാനുമതി വേണ്ട പദ്ധതികൾക്ക് യഥാസമയം ഭരണാനുമതി നൽകുക, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുക, പദ്ധതി നടത്തിപ്പിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുക, എന്നിവ വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ സെൻട്രൽ പ്ലാൻ മോണിറ്ററിംഗ് യൂണിറ്റ് നിലവിലുണ്ട്. കൂടാതെ എല്ലാമാസവും സെക്രട്ടറിമാരുടെ യോഗത്തിൽ ചീഫ് സെക്രട്ടറി പദ്ധതികളുടെ പുരോഗതി അവലോകനം നടത്താറുണ്ട്. ഭരണ വകുപ്പ് സമർപ്പിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി തുക യഥാസമയം അനുവദിക്കുന്നുണ്ട്. |

Rejeni

അക്കൗണ്ട്സ് ഓഫീസർ